# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻറ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ (സ്കോൾ -കേരള )-തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.126/2019/പൊ.വി.വ.** **തീയതി, തിരുവനന്തപുരം,20/08/2019**

---

പരാമർശം.
1. 1.3.2011 ലെ സ. ഉ (കൈ ) നം.65/11/ പൊ.വി.വ.
2. 30.7.2015 ലെ സ. ഉ (കൈ ) നം.206/15/ പൊ.വി.വ.
3. 15.02.2018 ലെ സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ എ 1/2542/2016/ സ്കോൾ കേരള നമ്പർ കത്ത്.
4. എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പഠന റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്.സി.ഇ.ആർ.ടി) പ്രത്യേക വിഭാഗമായി 1999 മുതൽ പ്രവർത്തിച്ചുവന്ന കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് പരാമർശം (1),(2 ) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ചതാണ് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻറ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ (സ്കോൾ -കേരള). 13 ജില്ലകളിൽ ഓഫീസുകളും ഒരു റീജിയണൽ ഓഫീസും ഒരു ഹെഡ് ഓഫീസും ഉള്ള ഈ സ്ഥാപനത്തിൽ വിവിധ കോഴ്സുകളിലായി പ്രതിവർഷം ഒന്നര ലക്ഷത്തോളം വിദ്യാർഥികൾ തുടർ പഠനം നടത്തുന്നു.നിലവിൽ താത്കാലിക വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. 12.08.2016 ൽ ചേർന്ന പ്രഥമ എക്സിക്യൂട്ടീവ് കൗൺസിൽ യോഗം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കാൻ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം ആവശ്യമുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നതിനു പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറും നിയമ വകുപ്പ് സെക്രട്ടറി,ധനകാര്യ വകുപ്പ് സെക്രട്ടറി,പൊതു വിദ്യാഭ്യാസ ഡയറക്ടർ ,'സ്കോൾ കേരള' വൈസ് ചെയർമാൻ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച ആറംഗ സമിതി 13.12.2017 ൽ യോഗം ചേർന്ന് 'സ്കോൾ കേരളയുടെ' സുഗമമായ നടത്തിപ്പിന് വിവിധ കാറ്റഗറികളിലായി അടിയന്തിര പ്രാധാന്യമുള്ള 79 തസ്തികകൾ കണ്ടെത്തുകയുണ്ടായി.ഉപ സമിതി റിപ്പോർട്ട് 17.01.2018 ൽ ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് ചില ഭേദഗതികളോടുകൂടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 78 തസ്തികകൾക്ക് അംഗീകാരം ലഭ്യമാക്കാൻ 'സ്കോൾ കേരള'എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമായ പ്രൊപോസൽ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു .ധനകാര്യ വകുപ്പിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എൽ .ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെ ചുമതലപ്പെടുത്തുകയുണ്ടായി. എൽ.ബി.എസ് വിശദമായ പഠന റിപ്പോർട്ട് പരാമർശം (4 ) പ്രകാരം സമർപ്പിച്ചു.

പരാമർശം(3) ലെ പ്രൊപ്പോസലും പരാമർശം(4)ലെ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന നിബന്ധനയോടുകൂടി 'സ്കോൾ കേരള'യിൽ ചുവടെ പട്ടികയിൽ പറയുന്ന 78 തസ്തികകളും, എക്സിക്യൂട്ടീവ് ഡയറക്ടറുടെയും സെക്രട്ടറിയുടെയും ഓരോ തസ്തികയും ഉൾപ്പെടെ ആകെ 80 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

1. ടി തസ്തികകളുടെ നിയമനരീതിയും യോഗ്യതകളും സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ് .
2. ടി തസ്തികകൾ സൃഷ്ടിക്കുന്ന സാമ്പത്തിക ബാദ്ധ്യതകൾ/ചെലവുകൾ സ്കോൾ-കേരളയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

| Sl.No | Name of Post | No. of Post | Scale of pay |
|---|---|---|---|
| 1 | Director(Academic,Examination and Evaluation Division) | 1 | Same as in parent Department |
| 2 | Joint Director(Students Service Division) | 1 | Same as in parent Department (39500-83000) |
| 3 | Finance Officer | 1 | Same as in parent Department |
| 4 | Senior Superintendent | 1 | Same as in parent Department |
| 5 | Junior Superintendent | 1 | Same as in parent Department |
| 6 | System Analyst | 1 | 42500-87000 |
| 7 | District Co-Ordinator | 14 | 32300-68700 |
| 8 | Academic Associate | 2 | 32300-68700 |
| 9 | PA to Executive Director | 1 | 30700-65400 |
| 10 | Accountants | 2 | 27800-59400 |
| 11 | Senior Clerks | 22 | 25200-54000 |
| 12 | Receptionist | 1 | 27800-59400 |
| 13 | Clerks | 22 | 19000-43600 |
| 14 | Driver | 1 | 18000-41500 |
| 15 | Office Attendants | 3 | 16500-35700 |
| 16 | Full Time Sweeper | 1 | 16500-35700 |
| 17 | Security Guards | 3 | 19000-43600 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ 'സ്കോൾ -കേരള ',പൂജപ്പുര ,തിരുവനന്തപുരം-12

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള ,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള,തിരുവനന്തപുരം .

ധനകാര്യ വകുപ്പ് (Vide ഫയൽ നം .EDN .B2/ 82 /2018 -FIN dated 27-05-19 )

പൊതുഭരണ (എസ് .സി )വകുപ്പ് (14.8.2019 ലെ ഇനം നമ്പർ 3266 പ്രകാരം )

വിവര പൊതുജന സമ്പർക്ക വകുപ്പിന് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ